ഉൽപ്പന്ന വൈവിദ്ധ്യവൽക്കരണത്തിലൂടെയും തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുന്നതിനും അനുബന്ധ മേഖലകളായ കാലിവളർത്തൽ, കോഴിവളർത്തൽ, മത്സ്യകൃഷി, ക്ഷൺ കൃഷി, തേനീച്ച വളർത്തൽ എന്നിവ ഉൾപ്പെടുത്തി വിത്തു മുതൽ വിപണി വരെയുള്ള സമഗ്ര വികസനത്തിനായുള്ള എല്ലാ പ്രവർത്തനങ്ങളും 'നിറവ്' പദ്ധതിയിൽ ഉൾപ്പെടുത്തുന്നതാണ്.

(ബി) 2014-15-ലാണ് കുന്ദമംഗലം നിയോജക മണ്ഡലത്തെ 'നിറവ്' പദ്ധതിയിൽ ഉൾപ്പെടുത്തിയത്. കുന്ദമംഗലം നിയോജക മണ്ഡലത്തിൽ മണ്ഡലതല മീറ്റിംഗ് കൂടി ആവശ്യമായ പദ്ധതികൾ തയ്യാറാക്കി വരികയാണ്.

നിറവ് പദ്ധതി

235 (1674) ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 'നിറവ്' പദ്ധതിപ്രകാരം എത്ര കോടി രൂപയുടെ പദ്ധതികളാണ് ഒരു നിയോജക മണ്ഡലത്തിൽ ഉൾപ്പെടുത്തുകയെന്നും ഈ പദ്ധതികളിൽ ഗുണഭോക്തൃ വിഹിതവും, സർക്കാർ വിഹിതവും എത്ര വീതമെന്നും വ്യക്തമാക്കുമോ ;

(ബി) 'നിറവ്' പദ്ധതികളിൽ ഏതൊക്കെ വകുപ്പുകളിൽപ്പെട്ട ഏതെല്ലാം പദ്ധതികളാണ് ഉൾപ്പെടുത്താൻ കഴിയുക എന്നും വെളിപ്പെടുത്താമോ ;

(സി) ഇതുവരെ നിറവ് പദ്ധതിയുടെ പ്രവർത്തനങ്ങൾ ഏതൊക്കെ നിയോജക മണ്ഡലങ്ങളിൽ ആരംഭിച്ചു കഴിഞ്ഞുവെന്നും ആരംഭിച്ച പദ്ധതികൾ ഏതു ഘട്ടം വരെയെത്തി എന്നും വെളിപ്പെടുത്തുമോ ;

(ഡി) കോട്ടയം ജില്ലയിലെ ഏതൊക്കെ മണ്ഡലങ്ങളിലാണ് 'നിറവ്' പദ്ധതി നടപ്പാക്കുന്നതെന്നും പദ്ധതി പ്രവർത്തനങ്ങൾ ഏതു ഘട്ടംവരെയെത്തിയെന്നും വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) വിത്തു മുതൽ വിപണി വരെ കാർഷിക അനുബന്ധ മേഖലകളുടെ സമഗ്ര വികസനത്തിനായി മണ്ഡലാടിസ്ഥാനത്തിൽ തയ്യാറാക്കുന്ന പദ്ധതികളാണ് നിറവ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നത്. ഓരോ മണ്ഡലങ്ങളും തയ്യാറാക്കുന്ന പദ്ധതികളുടെ തുകയനുസരിച്ച് ഇതിൽ കേന്ദ്ര സംസ്ഥാന പദ്ധതികളിൽ ഉൾപ്പെടുത്തി അംഗീകരിക്കുന്ന പദ്ധതികളുടെ തുക അനുസരിച്ചായിരിക്കും തുക അനുവദിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) കൃഷി, കാലി വളർത്തൽ, കോഴി വളർത്തൽ, മത്സ്യകൃഷി, ക്ഷീര കൃഷി, തേനീച്ച വളർത്തൽ എന്നീ മേഖലകളുടെ സമഗ്ര വികസനത്തിനായുള്ള പദ്ധതികൾ ഇതിൽ ഉൾപ്പെടുത്താം.

(സി) 2011-12-ൽ 'നിറവ്' പദ്ധതി നടപ്പിലാക്കുവാൻ 12 നിയോജക മണ്ഡലങ്ങൾ തെരഞ്ഞെടുത്തതിൽ 11 നിയോജക മണ്ഡലങ്ങളിൽ പദ്ധതി നടപ്പിലാക്കി. ഇതിനായി ആർ.കെ.വി.വൈ. പദ്ധതിയിൽ ഉൾപ്പെടുത്തി 737.58 ലക്ഷം രൂപ അനുവദിച്ചു. നെൽകൃഷി വികസനം, തെങ്ങുകൃഷി, ബയോഗ്യാസ് പ്ലാന്റ് നിർമ്മാണം, കാർഷിക യന്ത്രവൽക്കരണം, തൊഴിൽസേന, മണ്ണിര കമ്പോസ്റ്റ് നിർമ്മാണം, ജാതികൃഷി, വെറ്റില കൃഷി, വിത്ത്/തൈകളുടെ വിതരണം എന്നീ പദ്ധതികൾ 2011-12-ൽ അംഗീകരിച്ചു. ചെങ്ങന്നൂർ, തൊടുപുഴ, പാല, നോർത്ത് പറവൂർ, കൊടുങ്ങല്ലൂർ, കോട്ടയ്ക്കൽ, ബാലുശ്ശേരി, പേരാമ്പ്ര, നാദാപുരം, കൽപ്പറ്റ, ക്ഷീരപറമ്പ് എന്നീ നിയോജക മണ്ഡലങ്ങളിൽ വിജയകരമായി നടപ്പിലാക്കി.

(ഡി) കോട്ടയം ജില്ലയിലെ 2011-12-ൽ തെരഞ്ഞെടുത്ത പാല, 2013-14-ൽ വൈക്കം, പുതുപ്പള്ളി, 2014-15-ൽ കടുത്തുരുത്തി, ചങ്ങനാശ്ശേരി, കാഞ്ഞിരപ്പള്ളി എന്നീ നിയോജക മണ്ഡലങ്ങളാണ് നിറവ് പദ്ധതി നടപ്പിലാക്കുവാനായി തെരഞ്ഞെടുത്തത്. ഇതിൽ പാലാ നിയോജക മണ്ഡലത്തിൽ പദ്ധതികൾ നടപ്പിലാക്കി കഴിഞ്ഞു. ബാക്കിയുള്ള നിയോജകേ മണ്ഡലങ്ങളിൽ മണ്ഡലതല മീറ്റിംഗുകൾ കൂടി പദ്ധതികൾ തയ്യാറാക്കി വരുന്നു.

നിറവ് പദ്ധതി

236 (1675) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 'നിറവ്' പദ്ധതിക്കായി എത്ര രൂക അനുവദിച്ചിട്ടുണ്ട് ; ജില്ല തിരിച്ചുള്ള വിവരങ്ങൾ നൽകുമോ ;

(ബി) കോങ്ങാട് മണ്ഡലത്തിൽ ഇതിനായി എത്ര രൂക അനുവദിച്ചിട്ടുണ്ട് ; വിശദവിവരങ്ങൾ നൽകുമോ ;

(സി) പ്രസ്തുത പദ്ധതി സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടോ ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly